പത്രക്കുറിപ്പ്

# ലഹരി ഗുളിക വിൽപ്പന: ഒരാൾ പിടിയിൽ

# ക്ഷേത്ര പൂജാരിയെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം :- മാനസിക രോഗികൾക്കും മറ്റ് ഗുരുതര രോഗമുള്ളവർക്കും നൽകുന്ന മയക്കമരുന്ന് ഇനത്തിൽപ്പെട്ട ഗുളികകൾ ലഹരി ഉപഭോഗത്തിനായി വിദ്യാർത്ഥികൾ ഉൾപ്പെയടെയുള്ളവർക്ക് അനധികൃതമായി വിൽപ്പന നടത്തിവന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അമ്പൂരി തേക്കുപാറ സ്വദേശി വിനോദ്കുമാർ (31) നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്ന് നൈട്രോസെപ്പാം, സ്പാസ്മോ പ്രോക്സിവോൺ, അൽപ്രാസോളം എന്നീ പേരികളിലുള്ള 150 ഗുളികകളും പിടിച്ചെടുത്തു.



പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്ത
വിനോദ്കുമാർ (31)

നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ലഹരി വസ്തുക്കളുടെ കടത്തും വിപണനവും തടയുന്നതിനായി ഡെപ്യൂട്ടി കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ നിർദ്ദേശാനുസരണം പ്രത്യേക ടീം

രൂപികരിച്ച് നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. ഡോക്ടർമാരുടെ വ്യാജ കുറിപ്പടികൾ തയ്യാറാക്കി മെഡിക്കൽ സ്റ്റോറുകളിൽനിന്നും ഗുളികകൾ വാങ്ങി ശേഖരിച്ച് വച്ച് ഇയാൾ നഗരത്തിലെ വിദ്യാർത്ഥികൾ ഉൾപ്പെയടെയുള്ളവർക്ക് വ്യാപകമായി വിൽപ്പന നടത്തിവരുകയായിരുന്നു. ഇയാളെ കുറിച്ച് നാർക്കോട്ടിക് സെൽ അസിഃ കമ്മീഷണർ പ്രദീപ്കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം ഇയാളെ ദിവസങ്ങളായി നിരീക്ഷിച്ച വരികയായിരുന്നു. മയക്ക ഗുളികകളുമായി വിൽപ്പനയ്ക്ക് എത്തിയ സമയം കുണ്ടമൺകടവ് ഭാഗത്തുനിന്നാണ് പ്രതി വിനോദ് കുമാറിനെ പിടികൂടിയത്. പൂജപ്പുര എസ്.എച്ച്.ഒ റോജ്, എസ്.ഐ-മാരായ അനൂപ് ചന്ദ്രൻ, സുരേഷ് കുമാർ, സിപിഒ മാരായ സജീഷ്, ബിനോയ്, ഡാൻസാഫ് എസ്.ഐ-മാരായ ഗോപകുമാർ, അശോക് കുമാർ, ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്, അരുൺ, ഷിബു, നാജിബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## ക്ഷേത്ര പൂജരിയെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ :-

തിരുവനന്തപുരം – വിഴിഞ്ഞം മുല്ലൂർ തോട്ടം നാഗർ ക്ഷേത്ര പൂജാരിയെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുല്ലൂർ, തോട്ടം ബിനുഭവനിൽ ബിനു (43) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

ശനിയാഴ്ച രാത്രി പത്തര മണിക്കാണ് സംഭവം നടന്നത്. മുല്ലൂർ തോട്ടം നാഗർ ക്ഷേത്രത്തിലെ തിടപ്പള്ളി ഭാഗത്ത് അതിക്രമിച്ച് കയറിയ പ്രതി, പൂജാരിയായ ആദർശിനെ കത്തികൊണ്ട് തലയിലും കഴുത്തിലും വെട്ടി പരിക്കേൽപ്പിക്കുകയായിരുന്നു. ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് അലങ്കാരമായി കെട്ടിയിരുന്ന കരിക്ക് ഇലക്ട്രിക് പണിക്കാർക്ക് കൊടുത്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ-മാരായ ജയകുമാർ, വിഷ്ണു സജീവ്, സിപിഒ സഞ്ജു എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
ബിനു (43)

തിരുവനന്തപുരം സിറ്റി
21-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി